## 29

# ഐക്യകേരളം

രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതിനുശേഷം കേരളത്തിലെ പാർട്ടികൾ തമ്മിലുള്ള ബന്ധങ്ങളിൽ പല മാറ്റങ്ങളുമുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ട്രേഡ് യൂണിയൻ സംഘടനകൾക്കെതിരായി കോൺഗ്രസ്സുകാരുടെ നേതൃത്വത്തിൽ ചില ദേശീയ ട്രേഡ് യൂണിയനുകൾ സ്ഥാപിക്കപ്പെട്ടു. എന്നാൽ കോൺഗ്രസ്സിന്റെ നയത്തിലും പരിപാടിയിലും അസംതൃപ്തരായ പല ഇടതുപക്ഷഗ്രൂപ്പുകളും കോൺഗ്രസ്സിൽ നിന്നു വിട്ടുപോയി. യുവാക്കന്മാരായ കോൺഗ്രസ്സുകാർ സോഷ്യലിസ്റ്റുപാർട്ടി രൂപീകരിച്ചു. പിന്നീടത് കോൺഗ്രസ്സിൽ നിന്നു വിട്ട മറ്റൊരു ഗ്രൂപ്പായ പ്രജാപാർട്ടിയുമായി ലയിച്ചു പ്രജാസോഷ്യലിസ്റ്റു പാർട്ടിയായി. അവരും തൊഴിലാളികളുടേയും കൃഷിക്കാരുടേയും ആവശ്യങ്ങൾക്കുവേണ്ടി പൊരുതാനും തങ്ങളുടെ നേതൃത്വത്തിൽ ബഹുജന സംഘടനകൾ ഉണ്ടാക്കാനും തുടങ്ങി. കെ.എസ്സ്.പി., ആർ.എസ്സ്.പി. എന്നിങ്ങനെ മറ്റു ചില പാർട്ടികളും ഉയർന്നുവന്നു. 1938-ൽ തിരുവിതാംകൂറിൽ നടന്ന ഉത്തരവാദഭരണ പ്രക്ഷോഭണത്തിൽ സജീവമായ പങ്കുവഹിച്ച ശ്രീ. ശ്രീകണ്ഠൻനായരുടെ നേതൃത്വത്തിലുള്ള റെവല്യൂഷണറി സോഷ്യലിസ്റ്റു പാർട്ടി മാർക്സിസം—ലെനിനിസമാണ് തങ്ങളുടെ അടിസ്ഥാനപ്രമാണമെന്ന് പ്രഖ്യാപിച്ചു. അവരും തൊഴിലാളികളെ സംഘടിപ്പിക്കാനും അവരുടെ രാഷ്ട്രീയബോധം ഉയർത്താനുംവേണ്ടി പ്രവർത്തിക്കാൻ തുടങ്ങി. അതേസമയത്തുതന്നെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള ബഹുജന സംഘടനകളും ശക്തിപ്പെട്ടു.

ഈ വിഭിന്ന സംഘടനകൾ ചിലപ്പോൾ ആദർശങ്ങളുടേയും പരിപാടികളുടേയും പേരിൽ മത്സരിക്കുകയും മറ്റു ചിലപ്പോൾ പൊതുപരിപാടികളുടെ അടിസ്ഥാനത്തിൽ യോജിക്കുകയും ചെയ്തു. എന്നാൽ, ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനും കേരളത്തിന്റെ അഭിവൃദ്ധിക്കും വേണ്ടിയാണ് എല്ലാവരും പ്രവർത്തിച്ചത്.

മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ മൂന്നായി വെട്ടിമുറിക്കപ്പെട്ട കേരളത്തെ വീണ്ടും ഒരു ഐക്യകേരളമാക്കി മാറ്റാനുള്ള അഭിലാഷം സ്വാതന്ത്ര്യത്തിന്റെ ആരംഭം മുതൽക്കുതന്നെ പ്രകടിപ്പിക്കപ്പെട്ടിരുന്നു. യുദ്ധത്തിനുശേഷം ഈ അഭിലാഷം കൂടുതൽ തീവ്രമായിത്തീർന്നു. 1948-ൽ തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിക്കപ്പെടുകയും, തിരുവിതാംകൂർ—കൊച്ചി സ്റ്റേറ്റ് നിലവിൽ വരുകയും ചെയ്തു. പക്ഷേ, ജനങ്ങൾക്ക് അതുകൊണ്ട് തൃപ്തി ആയില്ല. ഐക്യകേരള പ്രക്ഷോഭം വീണ്ടും ശക്തിപ്പെട്ടു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനർവിഭജിക്കണമെന്ന പ്രക്ഷോഭം മറ്റു സ്റ്റേറ്റുകളിലും പൊന്തിവന്നു. ഒടുവിൽ ഇൻഡ്യാ ഗവൺമെന്റ് ഒരു സ്ഥാന പുനഃസംഘടനാക്കമ്മിഷനെ നിയമിച്ചു. കമ്മിഷന്റെ റിപ്പോർട്ടനുസരിച്ച് 1956 നവംബർ 1-ാം തീയതി തിരുവനന്തപുരം ഡിസ്ട്രിക്റ്റിലെ നാലു താലൂക്കുകളും, കൊല്ലം ഡിസ്ട്രിക്റ്റിലെ ചെങ്കോട്ടത്താലൂക്കിന്റെ ഒരു ഭാഗവും ഒഴിച്ചുള്ള പഴയ തിരുവിതാംകൂർ കൊച്ചി സംസ്ഥാനവും, മദ്രാസ് സംസ്ഥാനത്തിലെ മലബാർ ഡിസ്ട്രിക്റ്റും, തെക്കൻ കർണ്ണാടക ഡിസ്ട്രിക്റ്റിലെ കാസർകോടു താലൂക്കും ചേർത്തുകൊണ്ടുള്ള കേരള സ്റ്റേറ്റ് നിലവിൽ വന്നു. അങ്ങനെ കേരളീയരുടെ ചിരാഭിലാഷം പൂർത്തിയായി. ഒന്നര നൂറ്റാണ്ടിനു മുൻപ് പഴശ്ശിരാജാവും വേലുത്തമ്പി ദളവായും തുടങ്ങി വച്ച സ്വാതന്ത്ര്യസമരം വിജയകരമായി പര്യവസാനിച്ചു.

